# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3304 — 21.12.2012-ൽ മറുപടിക്ക്

## ബാഴ്സിലോണ ഇരട്ട നഗര പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. ബേബി<br>,, വി. ശിവൻകുട്ടി<br>,, കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>,, ബി. സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം ബാഴ്സിലോണ ഇരട്ട നഗര പദ്ധതി നടപ്പാക്കാൻ സ്പാനിഷ് സർക്കാർ ഔദ്യോഗികമായി എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ സ്പെയിനിൽ നിന്നും ലഭിച്ച നിർദ്ദേശം വിശദമാക്കുമോ; | എ) ബാഴ്സിലോണ നഗരാധികൃതരിൽ നിന്നും ടിന്നിംഗ് ഓഫ് സിറ്റീസ് സംബന്ധിച്ച് പരസ്പരം സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന മേഖലയെ സംബന്ധിച്ചുള്ള കരട് രേഖ ലഭിച്ചിട്ടുണ്ട്. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്തർദേശീയ കരാറുകളിൽ ഒപ്പിടുന്നതിന് കേന്ദ്രാനുമതി ആവശ്യമാണോ; ഇക്കാര്യത്തിൽ നഗരസഭയ്ക്ക് സ്പാനിഷ് സർക്കാരിന്റെ ഉറപ്പും കേന്ദ്ര സർക്കാരിൽ നിന്നുള്ള അനുമതിയും ലഭിച്ചിട്ടുണ്ടോ ; | ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. സ്പാനിഷ് സർക്കാരിന്റെ ഉറപ്പും കേന്ദ്ര സർക്കാരിന്റെ അനുമതിയും ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെട്ട് 01/12/2012ൽ സി7/172160/10-ാം നമ്പരായി അന്നത്തെ കേന്ദ്ര നഗരവികസന മന്ത്രി ശ്രീ.ജയ്പാൽ റെഡിക്ക് തിരുവനന്തപുരം നഗരസഭ കത്തു നൽകിയിരുന്നു. |
| സി) ഏതെങ്കിലും കേന്ദ്രമന്ത്രിയിൽ നിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ